പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3588 26.06.2012 ൽ മറുപടിയ്ക്ക്

വൈദ്യുതി കണക്ഷൻ- തടസ്സങ്ങൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) 01-04-2011 മുതൽ അപേക്ഷിച്ചവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;<br>(ബി) ഇല്ലെങ്കിൽ എന്ന് പ്രസ്തുത കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.09.2010 ലും 25.08.2011 ലും 10.11.2011 ലും പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം സർവീസ് കണക്ഷൻ ചാർജ്ജ് ഈടാക്കുന്നത് നിർത്തലാക്കുവാനും കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ഈടാക്കാവൂ എന്നും നിർദ്ദേശിക്കുകയുണ്ടായി. വൈദ്യുത കണക്ഷൻ നൽകുന്നതിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2005-ൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ കൃത്യമായി പാലിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 01.04.2011 മുതൽ അപേക്ഷിച്ചവർക്കെല്ലാം വൈദ്യുതി കണക്ഷൻ നല്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികളും, വികലാംഗർ, ക്യാൻസർ രോഗികൾ എന്നിവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള പ്രവൃത്തികളും, ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി കമ്മീഷന്റെ അംഗീകാരത്തോടെ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇത് കമ്മീഷൻ അംഗീകരിക്കുകയും, എല്ലാ ജില്ലകളിലും ആർ.ജി.ജി.വി.വൈ. പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നതോടെ ഈ കാലതാമസം ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

[2...

(സി) ബി.പി.എൽ,എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ടവർ, കാൻസർ രോഗികൾ എന്നിവർക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുൻഗണനാക്രമം നിലവിലുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദവിവരം നല്കുമോ?

(സി) സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികളും വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്. ഈ പദ്ധതിയ്ക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരവും ആവശ്യമുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വടക്കൻ കേരളത്തിൽആറ് ജില്ലകളിൽ ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തെക്കൻ കേരളത്തിലും കാലതാമസമില്ലാതെ പണി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ